**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 431** **08-08-2023 - ൽ മറുപടിയ്ക്ക്**

**ബിവറേജ് കോർപ്പറേഷൻ കയറ്റ്- ഇറക്ക് കൂലി ഏകീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ വെയർഹൗസുകളിലെ തൊഴിലാളികളുടെ കയറ്റ്- ഇറക്ക് കൂലി ഏകീകരിക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | കെ.എസ്.ബി.സി യുടെ നിയന്ത്രണത്തിലുള്ള വെയർഹൗസുകളിൽ ചുമട്ടുതൊഴിലിനുള്ള കൂലി നിരക്ക് ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് ട്രേഡ് യൂണിയനുകളെ ഉൾപ്പെടുത്തി ലേബർകമ്മീഷണർ തലത്തിൽ യോഗം കൂടിയിരുന്നെങ്കിലും വിശദാംശങ്ങൾ പരിശോധിച്ചതിൽ കയറ്റിറക്ക് കൂലി ഏകീകരണം പ്രായോഗികമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ളതായും കോർപ്പറേഷനും തൊഴിലാളികൾക്കും ഗുണകരമാകുവാൻ സാദ്ധ്യതയില്ല എന്ന് കണ്ടെത്തിയ സാഹചര്യത്തിൽ കയറ്റിറക്ക് കൂലി ഏകീകരിക്കുന്ന വിഷയത്തിൽ നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | ഓരോ വെയർഹൗസുകളിലും വ്യത്യസ്ത കയറ്റ്-ഇറക്ക് കൂലി നൽകുന്നത് ഒഴിവാക്കി കൂലി ഏകീകരിക്കുന്നതിനും കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | തത്ക്കാലം പരിഗണനയിലില്ല. |
| (സി) | ചാലക്കുടി ബിവറേജസ് കോർപ്പറേഷൻ (FL-9) വെയർ ഹൗസിലെ തൊഴിലാളികൾക്ക് തൃശ്ശൂർ ജില്ലാ ലേബർ ഓഫീസറുടെ ഉത്തരവ് പ്രകാരമുള്ള ഇരുപത് ശതമാനം കൂലി വർദ്ധന അനുവദിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | കെ.എസ്.ബി.സിയുടെ ചാലക്കുടി വെയർഹൗസിലെ കയറ്റിറക്കു കൂലി ജില്ലാ ലേബർ ഓഫീസർ(തൃശ്ശൂർ) 20 ശതമാനം വർദ്ധനവ് വരുത്തി ഉത്തരവായിരുന്നുവെങ്കിലും ഇത് കോർപ്പറേഷന് അംഗീകരിക്കാൻ സാധിക്കാത്തതിനാൽ ടി ഉത്തരവിനെതിരെ ഡെപ്യൂട്ടി ലേബർ കമ്മീഷണർക്ക്(തൃശ്ശൂർ) അപ്പീൽ നൽകാനുള്ള നടപടികൾ ബിവറേജസ് കോർപ്പറേഷൻ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ